# കേരള സർവകലാശാല

നം.പി.ആർ.150/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2020
### ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയുടെ 2020–21 അദ്ധ്യയന വർഷത്തിലെ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി.

ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിനു ശേഷം വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും ആഗസ്റ്റ് 17 –ാം തീയതി 3 മണി വരെ സമയം ഉണ്ടായിരിക്കും.. മാറ്റങ്ങൾ വരുത്തുന്നവർ പുതിയ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം.

ട്രയൽ അലോട്ട്മെന്റ് കഴിഞ്ഞ് വിദ്യാർത്ഥികൾ ഓപ്ഷനുകളിൽ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്.

ഓൺലൈൻ അപേക്ഷയുടെ അവസാന തീയതി ആഗസ്റ്റ് 17 വൈകിട്ട് 5 മണി വരെ. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയയ്ക്കരുത്.

(**പ്രത്യേക കുറിപ്പ്**: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ആറാം സെമസ്റ്റർ മലയാളം ഇലക്ടീവ് പുനഃ പരീക്ഷ ഓഗസ്റ്റ് 14 ന്

ജൂൺ 10 ന് നടത്തിയതും തുടർന്ന് റദ്ദാക്കിയതുമായ ബി.എ (സി.ബി.സി.എസ് - എഫ്.ഡി.പി) ആറാം സെമസ്റ്റർ മലയാളം ഇലക്ടീവ് 1661-3 കേരളീയ കലകൾ എന്ന വിഷയത്തിന്റെ പുനഃ പരീക്ഷ ഓഗസ്റ്റ് 14 ന് രാവിലെ 9.30 മുതൽ എൻ.എസ്.എസ് കോളേജ് ചേർത്തല, ഗവ. വിമൻസ് കോളേജ് തിരുവനന്തപുരം , വിദ്യാധിരാജ കോളേജ് കരുനാഗപ്പള്ളി എന്നീ കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

## പി.ജി പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ പി.ജി പോളിമർ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷയും ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര, എം.എം.എൻ.എസ്.എസ് കോളേജ്, കൊട്ടിയം, എൻ.എസ്.എസ് കോളേജ്, പന്തളം, എസ്.ഡി കോളേജ്, ആലപ്പുഴ, എസ്.എൻ കോളേജ് ഫോർ വിമെൻ, കൊല്ലം, എസ്.എൻ കോളേജ്, ശിവഗിരി, എസ്.എൻ കോളേജ്, പുനലൂർ, ടി.കെ.എം. കോളേജ്, കൊല്ലം, ഇമ്മാനുവേൽ കോളേജ്, വാഴിച്ചാൽ എന്നീ കേന്ദ്രങ്ങളിലെ മാത്രം പി.ജി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷയും ആഗസ്റ്റ് 18 മുതൽ ആരംഭിക്കുന്നതാണ്. മറ്റു കേന്ദ്രങ്ങളിലെ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈവ വോസി

നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസിന്റെ വൈവാ വോസി പരീക്ഷ ആഗസ്റ്റ് 17 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

ഒന്നാം വർഷ ബിരുദം രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം (2013 അഡ്മിഷൻ –മേഴ്സിചാൻസ്) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 22 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദമായ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ (വിദൂരവിദ്യാഭ്യാസം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് ഓൺലൈനായി ആഗസ്റ്റ് 20 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് സ്റ്റുഡന്റ് പോർട്ടലിൽ ലഭ്യമാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**12.08.2020**

**e-mail: ku.release@gmail.com website: www.keralauniversity.ac.in**

| |
|---|
| **University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098** |